# 8. നിയമവ്യവസ്ഥ

## (i) ശരീഅത്

പാത, മാർഗം എന്നൊക്കെയാണ് ശരീഅത് എന്ന അറബി പദത്തിന്റെ ഭാഷാർഥം. ഇസ്‌ലാമിന്റെ ആദർശ തത്ത്വങ്ങളിൽനിന്നുരുത്തിരിഞ്ഞുവരുന്ന നിയമ സംഹിതയാണ് സാങ്കേതിക ഭാഷയിൽ ശരീഅത്. ഇബാദാത് (ആരാധനാ നിയമങ്ങൾ), ആദാബ് (സാംസർഗിക നിയമങ്ങൾ), മുആമലാത് (വ്യവഹാര നിയമങ്ങൾ), ജിനായാത് (ക്രിമിനൽ നിയമങ്ങൾ) തുടങ്ങിയവയാണ് ഇസ്‌ലാമിക ശരീഅത് കൈകാര്യം ചെയ്യുന്ന പ്രധാന വിഷയങ്ങൾ. ശഹാദത് കലിമഃ ചൊല്ലൽ, നമസ്കാരം, സകാത്, നോമ്പ്, ഹജ്ജ്, ജിഹാദ് തുടങ്ങിയ കർമാനുഷ്ഠാനങ്ങളുടെ സ്വഭാവം, അവയുടെ അനുഷ്ഠാനമുറകൾ, ക്രമം, രീതി തുടങ്ങിയവയാണ് ആരാധനാ നിയമങ്ങളുടെ പരിധിയിൽ വരുന്നത്. ഖുർആനും സുന്നതും അനുശാസിക്കുന്ന സാൻമാർഗിക ഗുണങ്ങളായ ആത്മാർഥത, പരസ്പര സ്നേഹം, കരുണ, സഹാനുഭൂതി, മിതവ്യയം, ധർമനിഷ്ഠ, സത്യസന്ധത തുടങ്ങിയവയെല്ലാം സാംസർഗിക നിയമങ്ങളുടെ പരിധിയിൽ വരുന്നു. മാതാവ്, പിതാവ്, ഭാര്യ, ഭർത്താവ്, മക്കൾ, അയൽവാസികൾ, വലിയവർ, ചെറിയവർ തുടങ്ങിയവരോട് പാലിക്കേണ്ട മര്യാദകളും ഭക്ഷണം, ഉറക്കം, വിസർജനം, രോഗസന്ദർശനം തുടങ്ങി വിവിധ സന്ദർഭങ്ങളിൽ ദീക്ഷിക്കേണ്ട ചിട്ടകളും ഇതിന്റെ ഭാഗമാണ്. മനുഷ്യനും മനുഷ്യനും തമ്മിലുള്ള ഇടപാടുകൾ, വ്യാപാരനിയമങ്ങൾ, സിവിൽ നിയമങ്ങൾ, വിവാഹ-വിവാഹമോചന നിയമങ്ങൾ, സാമ്പത്തിക ഇടപാടുകൾ, അമാനതുകൾ തുടങ്ങിയവയാണ് വ്യവഹാര നിയമങ്ങളുടെ പരിധിയിൽ വരുന്നത്.

സമൂഹത്തിന്റെ ആരോഗ്യകരമായ ജീവിതത്തിന് വിഘാതം സൃഷ്ടിക്കുന്ന സാഹചര്യം ഒഴിവാക്കുകയാണ് ഇസ്‌ലാമിലെ ക്രിമിനൽ നിയമങ്ങളുടെ പ്രധാന ലക്ഷ്യം. ഇതേ ലക്ഷ്യം മുൻനിർത്തി ഒട്ടേറെ സാന്മാർഗിക നിർദേശങ്ങളും ഇസ്‌ലാം മുന്നോട്ടു വയ്ക്കുന്നുണ്ട്. ആ നിർദേശങ്ങൾ കൃത്യമായി അനുധാവനം ചെയ്താൽ ശാശ്വത സ്വർഗപ്രാപ്തിയും ഇസ്‌ലാം വാഗ്ദാനം ചെയ്യുന്നുണ്ട്. എന്നാൽ, മനുഷ്യർ പല സ്വഭാവക്കാരായതിനാൽ അതുകൊണ്ട് മാത്രം എല്ലാവരെയും സന്മാർഗചാരികളാക്കി മാറ്റാൻ കഴിയുകയില്ല. അത്തരം സന്ദർഭങ്ങളിലാണ് ശിക്ഷാനിയമങ്ങൾ പ്രസക്തമാകുന്നത്. കൊലപാതകം, മദ്യപാനം, മോഷണം, വ്യഭിചാരം, അപവാദപ്രചരണം തുടങ്ങിയവയാണ് ഇസ്‌ലാമിക ശരീഅത് നിർണിതമായ ശിക്ഷ വിധിച്ചിട്ടുള്ള കുറ്റകൃത്യങ്ങൾ.

ശരീഅതിലെ ചില നിയമങ്ങൾ വിശുദ്ധ ഖുർആൻ നേരിട്ടു പ്രസ്താവിച്ചിട്ടുള്ളതാണ്. ഉദാ. ഹജ്ജ് നിയമങ്ങൾ, ദായധന നിയമങ്ങൾ. മറ്റു ചിലത് ഖുർആനിന്റെ ആധികാരിക പ്രായോഗിക വ്യാഖ്യാനമായ നബിചര്യ(സുന്നത്)യിൽ വ്യക്തമാക്കപ്പെട്ടിട്ടുള്ളതാണ്. ഖുർആനും സുന്നതും നേരിട്ടു പ്രസ്താവിച്ചിട്ടുള്ള നിയമങ്ങൾ റദ്ദാക്കുവാനോ ഭേദഗതി ചെയ്യുവാനോ ആർക്കും അധികാരമില്ല. അവ ദൈവിക നിയമങ്ങളാകുന്നു. വിശുദ്ധ ഖുർആനിന്റെ അവതരണകാലത്തിന് അനുയോജ്യമായ പ്രായോഗിക വ്യാഖ്യാനമായിരുന്നു പ്രവാചകൻ സ്വജീവിതത്തിലൂടെ അവതരിപ്പിച്ചത്. എല്ലാ കാലത്തെയും എല്ലാ സാഹചര്യങ്ങളെയും നേരിടുവാൻ ആ വ്യാഖ്യാനം അതേപടി പര്യാപ്തമാവുകയില്ല. മനുഷ്യജീവിതത്തിന്റെ പരിവർത്തനാത്മകതയെയും പുതിയ നാഗരിക-സാമൂഹിക പ്രശ്നങ്ങൾ ഉയർന്നുവരാനുള്ള സാധ്യതയെയും ശരീഅത് കണക്കിലെടുത്തിട്ടുണ്ട്. ഖുർആൻ ചില മാതൃകാ നിയമങ്ങളും സാർവജനീനവും സാർവലൗകികവുമായ അടിസ്ഥാന തത്ത്വങ്ങളുമാണ് അവതരിപ്പിച്ചിട്ടുള്ളത്. ഈ നിയമങ്ങളും തത്ത്വങ്ങളും, അതിനു പ്രവാചകൻ കാഴ്ചവച്ച പ്രായോഗിക രൂപങ്ങളും ഏതു സാഹചര്യത്തിൽ വച്ചു പറിച്ചുനോക്കിയാലും ആ സാഹചര്യത്തെ നേരിടാൻ പര്യാപ്തമായ ഉപനിയമങ്ങൾ അതിൽനിന്ന് നിർധാരണം ചെയ്യാൻ കഴിയും. ഇങ്ങനെ നിർധാരണം ചെയ്യപ്പെട്ട ഉപനിയമങ്ങളും ശരീഅതിന്റെ ഭാഗമാകുന്നു. അതായത്, ഖുർആനിലും സുന്നതിലും വ്യക്തമായി പ്രസ്താവിച്ച നിയമങ്ങളും ഖുർആനിന്റെയും സുന്നതിന്റെയും സൂചനകളിൽനിന്നും ധ്വനികളിൽനിന്നും ഇസ്‌ലാമിന്റെ അടിസ്ഥാന തത്ത്വങ്ങളുടെ വെളിച്ചത്തിൽ ധിഷണാശാലികളായ ഇസ്‌ലാമിക പണ്ഡിതന്മാർ നിർധാരണം ചെയ്ത നിയമങ്ങളും ചേർന്ന സംഹിതയാണ് ശരീഅത്.

### (ii) മദ്ഹബുകൾ

ശരീഅ*തിൽ ഗവേഷണ പ്രവർത്തനങ്ങൾ നടത്തി വിവിധ പണ്ഡിതന്മാർ ക്രോഡീകരിച്ചിട്ടുള്ള കർമശാസ്ത്ര സരണികളാണ് മദ്ഹബുകൾ എന്നറിയപ്പെടുന്നത്. ഹിജ്റഃ ആദ്യ നൂറ്റാണ്ടുകളിലെ ചില പ്രഗല്ഭ പണ്ഡിതന്മാർ കർമശാസ്ത്ര വിഷയങ്ങളിൽ തങ്ങളുടെ വീക്ഷണമനുസരിച്ചുള്ള വിധികൾ വെളിപ്പെടുത്തി. അവരുടെ ശിഷ്യൻമാർ പില്ക്കാലത്ത് ഗുരുവിന്റെ പാത പിന്തുടർന്നുകൊണ്ട് ആ വീക്ഷണങ്ങളെ വിശദീകരിക്കുകയും പോഷിപ്പിക്കുകയും ചെയ്തു. അങ്ങനെ അവ ഓരോ പ്രത്യേക കർമശാസ്ത്ര സരണികളായി വികസിക്കുകയാണുണ്ടായത്. ഇത്തരത്തിലുള്ള അനേകം സരണികൾ ആവിഷ്കൃതമാവുകയുണ്ടായി. അവയിൽ ശാഫിഇ, ഹനഫി, ഹൻബലി, മാലികി, ജഅ്ഫരി, സൈദി, ഇബാദി, എന്നിവയാണ് മുസ്‌ലിം ലോകത്ത് ഇന്നും സജീവമായി നിലനില്ക്കുന്നത്.

ഖുർആനും സുന്നതും ഖണ്ഡിതമായി നല്കിയിട്ടുള്ള നിയമങ്ങളെ സംബന്ധിച്ചിടത്തോളം മദ്ഹബുകൾ തമ്മിൽ വ്യത്യാസമില്ല. ശാഖാപരമായ നിയമങ്ങളിൽ മാത്രമാണ് അന്തരമുള്ളത്. ഹി. 80-150 കാലത്തു ജീവിച്ച ഇമാം അബൂഹനീഫഃയുടെ പേരിൽ അറിയപ്പെടുന്ന ഹനഫീ മദ്ഹബാണ് ആദ്യം രൂപംകൊണ്ടത്. ഇമാം അബൂഹനീഫഃ കർമശാസ്ത്രത്തിൽ ഗ്രന്ഥരചന നടത്തിയിട്ടില്ല. അദ്ദേഹത്തിന്റെ ശിഷ്യൻ അബൂയൂസുഫാണ് ഹനഫീ മദ്ഹബിൽ ഗ്രന്ഥരചനക്കു തുടക്കം കുറിച്ചത്. എന്നാൽ ഹനഫീ മദ്ഹബിന്റെ ക്രോഡീകരണത്തിൽ മുഖ്യ പങ്കുവഹിച്ചത് മറ്റൊരു ശിഷ്യനായ മുഹമ്മദുബ്നുൽ ഹസന്റെ ഗ്രന്ഥങ്ങളാണ്. കൂടാതെ ഇമാമിന്റെ മറ്റു ശിഷ്യന്മാരായ സുഫറുബ്നുൽ ഹുദൈൽ, ഹസനുബ്നു സിയാദില്ലുഅ്‌ലുഇ തുടങ്ങിയവരുടേതും അവരുടെ ശിഷ്യന്മാരുടേതുമായി ഹനഫീ മദ്ഹബിൽ നിരവധി ഗ്രന്ഥങ്ങളുണ്ടായി. ഇന്ത്യയടക്കം മുസ്‌ലിം ലോകത്തിന്റെ വിവിധ ഭാഗങ്ങളിലായി ധാരാളം ഹനഫീ മദ്ഹബുകാരുണ്ട്. ഹി. 93-ൽ മദീനഃയിൽ ജനിച്ച മാലികുബ്നു അനസിന്റേതാണ് മാലികീ മദ്ഹബ്. ഇമാം മാലികിന്റെ *അൽമുവത്ത്വാ, അൽമുദവ്വനഃ* എന്നീ ഗ്രന്ഥങ്ങളാണ് മാലികീ മദ്ഹബിന്റെ ആധാര ഗ്രന്ഥങ്ങൾ. ഹി. 150-ൽ ശാമിലെ ഗസ്സഃയിൽ ജനിച്ച മുഹമ്മദുബ്നു ഇദ്‌രീസശ്ശാഫിഇയാണ് ശാഫിഈ മദ്ഹബിന്റെ ആചാര്യൻ. ഇമാം ശാഫിഇ രചിച്ച *കിതാബുൽ ഉമ്മും അർരിസാലഃ*യുമാണ് ശാഫിഈ മദ്ഹബിന്റെ ആധാര ഗ്രന്ഥങ്ങൾ. മറ്റു മദ്ഹബുകളിലെന്നപോലെ ശാഫിഈ മദ്ഹബിലും പില്ക്കാലത്ത് ഗ്രന്ഥങ്ങൾ രചി

ക്കപ്പെട്ടിട്ടുണ്ട്. കേരളത്തിൽ കൂടുതൽ പ്രചാരമുള്ള മദ്ഹബ് ശാഫിഈ മദ്ഹബാകുന്നു. ഹി. 164-ൽ ബഗ്ദാദിൽ ജനിച്ച ഇമാം അഹ്മദുബ്നു ഹൻബലിന്റെ പേരിൽ രൂപംകൊണ്ട കർമശാസ്ത്ര സരണിയാണ് ഹൻബലീ മദ്ഹബ്. *അൽമുസ്നദ്* എന്ന പേരിൽ ഇമാം അഹ്മദ് ശേഖരിച്ച ഹദീഥുകളുടെ സമാഹാരം മാത്രമേ അദ്ദേഹത്തിന്റെ രചനയായി അറിയപ്പെടുന്നുള്ളൂ. ഇമാമിന്റെ ശിഷ്യന്മാരായ അബ്ദുല്ലാഹിബ്നു അഹ്മദബ്നി ഹൻബൽ, അബ്ദുൽ മലികുബ്നു അബ്ദിൽ ഹമീദിൽ മൈമൂനി, അഹ്മദുബ്നു മുഹമ്മദിബ്നി ഹാനിഅ്, മുഹമ്മദുബ്നു മുഹമ്മദിബ്നിൽ ഹജ്ജാജ് തുടങ്ങിയവരാണ് ഹൻബലീ വീക്ഷണങ്ങളെ ഒരു കർമശാസ്ത്ര സരണിയാക്കി വികസിപ്പിച്ചത്.

മധ്യ നൂറ്റാണ്ടുകളിൽത്തന്നെ നാമാവശേഷമായ അനേകം മദ്ഹബുകളുണ്ട്. ഔസാഈ മദ്ഹബ്, ഹസൻ ബസ്വരീ മദ്ഹബ്, ളാഹിരീ മദ്ഹബ് തുടങ്ങിയവ അക്കൂട്ടത്തിൽ പെടുന്നു.